പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 427 13-10-2026-ൽ മറുപടിയ്ക്ക്

തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 592/2002 കേസിന്റെ അന്വേഷണ പുരോഗതി.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തളിപ്പറമ്പ് കൂവോടുള്ള മുൻ നാവികസേനാ ഉദ്യോഗസ്ഥൻ വി. രാമകൃഷ്ണന്റെ വീട്ടിൽ നിന്നും 02-09-2002-ൽ 45 പവനിലേറെ സ്വർണം കവർച്ച ചെയ്യപ്പെട്ട സംഭവത്തിൽ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 592/2002 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 592/2002 U/s 457, 461, 380 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2002-ൽ നടന്ന പ്രസ്തുത കവർച്ചാ കേസിൽ നാളിതുവരെ കുറ്റവാളികളെ കണ്ടെത്താനോ നഷ്ടപ്പെട്ട സ്വർണം വീണ്ടെടുക്കാനോ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

മറുപടി: സാധിച്ചിട്ടില്ല. സ്വർണ്ണ കവർച്ചയുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 592/2002 U/s 457, 461, 380 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്നിരുന്നു. അന്വേഷണത്തിൽ പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിനെ തുടർന്ന്, 2003 നവംബർ 15-ന് കേസ് UD ആയി കണക്കാക്കി അന്വേഷണം താത്കാലികമായി അവസാനിപ്പിക്കുന്നതിനായി ബഹു. JFCM കോടതി, തളിപ്പറമ്പ് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും, ബഹു. കോടതി പ്രസ്തുത കേസ് UD (No.05/2004) ആയി കണക്കാക്കി അന്വേഷണം താത്കാലികമായി അവസാനിപ്പിക്കുകയും ചെയ്തിരുന്നു.

തുടർന്ന്, കണ്ണൂർ റേഞ്ച് ഡി.ഐ.ജി.-യുടെ 2006 ജൂലൈ 5 – ലെ C3/8534/2006/KR നമ്പർ ഉത്തരവ് പ്രകാരം, 2006 ജൂലൈ 12-ന് പ്രസ്തുത കേസ് തുടർ അന്വേഷണത്തിനായി കണ്ണൂർ ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറുകയുണ്ടായി. ജില്ലാ ക്രൈം ബ്രാഞ്ച് പ്രസ്തുത കേസിൽ വിശദമായ അന്വേഷണം നടത്തിയെങ്കിലും പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ, 2007 ജൂലൈ 19-ന് കേസ് വീണ്ടും UD ആയി കണക്കാക്കി അന്വേഷണം താത്കാലികമായി അവസാനിപ്പിക്കുന്നതിനായി ബഹു. JFCM കോടതി, തളിപ്പറമ്പ് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും, ബഹു. കോടതി പ്രസ്തുത കേസ് UD (No.65/2007) ആയി കണക്കാക്കി അന്വേഷണം താത്കാലികമായി അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) മുൻ രാഷ്ട്രപതി, മുൻ പ്രധാനമന്ത്രി എന്നിവരുടെ വി.വി.ഐ.പി വിമാനങ്ങളുടെ ഗ്രൗണ്ട് ക്രൂവിൽ സേവനമനുഷ്ഠിച്ച മുതിർന്ന പൗരനായ ഒരു വിമുക്തഭടന്റെ പരാതിയിൽ, കേസ് അന്വേഷണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) സംഭവം നടന്ന് 24 വർഷങ്ങൾ കഴിഞ്ഞിട്ടും അന്വേഷണം പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത കേസ് ക്രൈം ബ്രാഞ്ചിനോ പ്രത്യേക അന്വേഷണ സംഘത്തിനോ (സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം) കൈമാറാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഈ കേസ് പ്രത്യേക അന്വേഷണ സംഘത്തിന് (Special Investigation Team) കൈമാറുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ